# മുഹ്കമാത്തും മുതശാബിഹാത്തും

**വി**ശുദ്ധഖുർആനിലെ സൂക്തങ്ങളെ *മുഹ്കമാത്ത്, മുതശാബിഹാത്ത്* എന്നീ രണ്ടു വിഭാഗമായി ഖുർആൻ തന്നെ പരിചയപ്പെടുത്തുന്നു (ആലുഇംറാൻ: 7).

വേർതിരിഞ്ഞത്, വ്യക്തമായത് എന്നീ അർഥമുള്ള *മുഹ്കം* എന്ന അറബിപദത്തിൽ നിന്നാണ് *മുഹ്കമാത്ത്* നിഷ്പന്നമായത്. സുവ്യക്തമായവ എന്നാണ് അതിന്റെ ഉദ്ദേശ്യം. ആശയം, അർഥം, ഭാഷ, ശൈലി എന്നിവയെല്ലാം വ്യക്തമായി ഗ്രഹിക്കാൻ കഴിയുന്ന ഖുർആൻസൂക്തങ്ങളെയാണ് മുഹ്കമത്തായ വചനം എന്ന് വിശേഷിപ്പിക്കുന്നത്. ജനങ്ങൾക്ക് ഗുണപാഠങ്ങളും സദുപദേശങ്ങളും നൽകപ്പെട്ടിട്ടുള്ളത് ഇതിലൂടെയാണ്. വിധിവിലക്കുകൾ നൽകുന്നതും ആരാധനകളെ പരിചയപ്പെടുത്തുന്നതും മുഹ്കമത്തായ സൂക്തങ്ങളിലൂടെയാണ്. സത്യവും അസത്യവും നീതിയും അനീതിയും ധർമവും അധർമവും എന്താണെന്ന് ലോകത്തെ ഖുർആൻ പഠിപ്പിക്കുന്നത് ഈ സൂക്തങ്ങൾവഴിയാണ്.

ഉപരിസൂചിത സവിശേഷതകളിൽനിന്ന് ഭിന്നമായവയാണ് മുതശാബിഹത്തായ സൂക്തങ്ങൾ. ഭിന്നമായ രണ്ടു വസ്തുക്കൾ തമ്മിൽ രൂപത്തിലോ പ്രകൃതിയിലോ പുലർത്തുന്ന സാദൃശ്യത്തിന് *ശുബ്ഹഃ* എന്നു പറയുന്നു. അതിൽനിന്നാണ് *മുതശാബിഹാത്ത്* എന്ന പദമുണ്ടായത്. മനുഷ്യന് ഇതുവരെ പഞ്ചേന്ദ്രിയങ്ങളിലൂടെ അനുഭവപ്പെട്ടിട്ടില്ലാത്ത ഭൗതികാതീതമായ കാര്യങ്ങളെ സൂചിപ്പിക്കാൻ ഖുർആൻ ഉപയോഗിച്ച സദൃശവചനങ്ങളെയാണ് മുതശാബിഹാത്തായ സൂക്തങ്ങൾ എന്ന് പറയുന്നത്. അവ മനുഷ്യന്റെ ഇന്ദ്രിയങ്ങളുടെയും ജ്ഞാനത്തിന്റെയും പരിധിക്കപ്പുറമാണ്. അതുകൊണ്ടാണ് അവ അവ്യക്തമായ സദൃശവചനങ്ങളാകുന്നത്.

ചില ഭൗതികയാഥാർഥ്യങ്ങൾ തന്നെ അവതരിപ്പിക്കാൻ മനുഷ്യഭാഷ അപര്യാപ്തമാകാറുണ്ട്. ആശയപ്രകാശനത്തിന് മിത്തുകളെയും ബിംബങ്ങളെയും ചിഹ്നശാസ്ത്രങ്ങളെയും ആശ്രയിക്കുന്നത് ഈ പരിമിതിയെ മറികടക്കാനാണ്. അപ്പോൾ അതിഭൗതികമായ ആശയങ്ങൾ അവതരിപ്പിക്കാൻ മുതശാബിഹത്തായ വചനങ്ങൾ അനിവാര്യമാവുന്നു. അപ്പോഴും വ്യക്തമാക്കാൻ ഉദ്ദേശിച്ച അഭൗമയാഥാർഥ്യം മനുഷ്യമനസ്സിലേക്ക് പൂർണമായി ഇറങ്ങിക്കൊള്ളണമെന്നില്ല. എന്നാൽ, യാഥാർഥ്യത്തിന്റെ സമീപത്തോളമെത്തിക്കാനും അവയുടെ അവ്യക്തമായ ഒരു ചിത്രം കാണിച്ചുകൊടുക്കാനും ഈ വാക്യങ്ങൾക്കാവും.

മുതശാബിഹാത്തിനെ ഇസ്‌ലാമികപണ്ഡിതന്മാർ മൂന്നിനമായി വിഭജിച്ചിട്ടുണ്ട്: 1) വാക്കിലും അർഥത്തിലും അവ്യക്തമായത്. 2) അർഥത്തിൽ മാത്രം അവ്യക്തമായത്. 3) വാക്കിൽമാത്രം അവ്യക്തമായത്. ചില സൂറകളുടെ ആരംഭത്തിലുള്ള *അലിഫ് ലാം മീം* (2:1), *കാഫ് ഹാ യാ ഐൻ സ്വാദ്* (19:1) തുടങ്ങിയ സൂക്തങ്ങൾ ഒന്നാമത്തേതിനുദാഹരണങ്ങളാകുന്നു. ഇവ കേവലം ശ്രദ്ധക്ഷണിക്കൽ ശബ്ദങ്ങളാണോ, അതല്ല നിയതമായ അർഥമുള്ള ശബ്ദങ്ങളാണോ എന്ന് വ്യക്തമല്ല. അല്ലാഹുവിന്റെ മുഖം, അല്ലാഹുവിന്റെ കരം, അല്ലാഹുവിന്റെ സിംഹാസനം തുടങ്ങിയ പരാമർശങ്ങളുള്ള സൂക്തങ്ങളാണ് രണ്ടാമത്തെ ഇനം. ഈ വാക്കുകൾ വ്യക്തമാണ്. പക്ഷേ, മുഖത്തെയും കരത്തെയും മറ്റും സൃഷ്ടികളിൽനിന്ന് എല്ലാ നിലയിലും വ്യത്യസ്തനായ അല്ലാഹുവിലേക്ക് ചേർത്തുപറയുമ്പോൾ അതിന്റെ വ്യാഖ്യാനം അവ്യക്തമായിത്തീരുന്നു. അല്ലാഹുവിന്റെ ഇതര ഗുണങ്ങളെ പരാമർശിക്കുന്ന സൂക്തങ്ങളും ഇപ്രകാരം തന്നെ. ഇന്ദ്രിയഗോചരമല്ലാത്തതും അജ്ഞേയവുമായ യാതൊന്നിന്റെയും ശരിയായ രൂപം നമുക്ക് സങ്കൽപിക്കാനാവില്ലല്ലോ. വാക്കുകളുടെ ഉപയോഗത്തിലും ഘടനയിലുമുള്ള വൈചിത്ര്യമാണ് മൂന്നാമത്തെ ഇനമായ പദങ്ങളിലെ അവ്യക്തത. *സൂറഃ അന്നിസാഇ*ലെ *ലൈസ കമിസ്‌ലിഹി ശൈഉൻ* എന്ന വാക്യം ഇതിന് ഉദാഹരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. 'അവനു തുല്യംപോലെ യാതൊന്നുമില്ല' എന്നാണ് അതിന്റെ പദാനുപദ അർഥം. അവനെപ്പോലെ യാതൊന്നുമില്ല എന്നാണുദ്ദേശ്യം. അതുപറയാൻ *ലൈസ മിസ്‌ലുഹു ശൈഉൻ* എന്നു മതിയാകുന്നതാണ്. എന്നിരിക്കെ, അതിൽ *ക*-പോലെ- എന്നു ചേർത്തുപറയുന്നതെന്തിനാണെന്ന് വ്യക്തമല്ല.

ഈ മൂന്നുതരം മുതശാബിഹത്തുകളിൽ ചിലതെല്ലാം അഗാധമായ ജ്ഞാനവും തീക്ഷ്ണമായ ബുദ്ധിയുമുള്ളവർക്ക് വിശദീകരിക്കാൻ കഴിഞ്ഞേക്കാം. ഖുർആനിലെ പ്രവചനങ്ങൾ, ശാസ്ത്രസംബന്ധമായ പരാമർശങ്ങൾ, ചരിത്രസൂചനകൾ എന്നിവയെയും ചിലർ വ്യാഖ്യാനത്തിനു വഴങ്ങാത്ത മുതശാബിഹാത്തായി എണ്ണിയിട്ടുണ്ട്. പ്രവചനങ്ങളുടെ പുലർച്ച, ശാസ്ത്രജ്ഞാനത്തിന്റെ വികാസം, ചരിത്രഗവേഷണങ്ങൾ എന്നിവയിലൂടെ അത്തരം സൂക്തങ്ങളുടെ അവ്യക്തത നീക്കാൻ വിവരമുള്ളവർക്ക് സാധിക്കുമെന്നത് ഇന്ന് ഒരനുഭവയാഥാർഥ്യമായിരിക്കുന്നു. എന്നാൽ, അഗോചരവും അജ്ഞേയവുമായ അതിഭൗതിക പ്രതിഭാസങ്ങളെ സംബന്ധിച്ച വചനങ്ങളെ കൃത്യമായും പൂർണമായും വിശദീകരിക്കുക ഒരുകാലത്തും ഒരു മനുഷ്യനാലും സാധ്യമല്ല എന്ന കാര്യം അനിഷേധ്യമാകുന്നു.

**ശിഹാബുദ്ദീൻ ആരാമ്പ്രം**